# വിജ്ഞാപനം

നമ്പർ:192/2010/സം.തി.ക. തീയതി, തിരുവനന്തപുരം 2010 ജൂലൈ 27

19.06.2010-ലെ സർക്കാർ ഉത്തരവ് (കയ്യെ) നം. 126/2010 ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ 60 മുനിസിപ്പൽ കൗൺസിലുകളിലെ ചെയർപേഴ്സൺ സ്ഥാനങ്ങളിൽ 2 സ്ഥാനങ്ങൾ പട്ടികജാതി സ്ത്രീകൾക്കും, 2 സ്ഥാനങ്ങൾ പട്ടികജാതിക്കാർക്കും, 28 സ്ഥാനങ്ങൾ സ്ത്രീകൾക്കുമായി സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 10-ാം വകുപ്പിലെ (2) മുതൽ (6) വരെയുള്ള ഉപവകുപ്പുകളിലെ നടപടിക്രമം പാലിച്ചുക്കൊണ്ട് താഴെപ്പട്ടികയിലെ രണ്ടാം കോളത്തിൽപ്പറയുന്ന മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ സ്ഥാനങ്ങൾ മൂന്നാം കോളത്തിൽ പറയുന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തുകൊണ്ട് വിജ്ഞാപനം ചെയ്യുന്നു.

| ക്രമ നമ്പർ (1) | മുനിസിപ്പൽ കൗൺസിലിന്റെ പേര് (2) | സംവരണ വിഭാഗം (3) |
|---|---|---|
| 1. | പരവൂർ | പട്ടികജാതി സ്ത്രീ |
| 2. | ചിറ്റൂർ തത്തമംഗലം | പട്ടികജാതി സ്ത്രീ |
| 3. | ഗുരുവായൂർ | പട്ടികജാതി |
| 4. | കുന്നംകുളം | പട്ടികജാതി |
| 5. | ആറ്റിങ്ങൽ | സ്ത്രീ |
| 6. | നെടുമങ്ങാട് | സ്ത്രീ |
| 7. | പുനലൂർ | സ്ത്രീ |
| 8. | തിരുവല്ല | സ്ത്രീ |
| 9. | ആലപ്പുഴ | സ്ത്രീ |
| 10. | ചെങ്ങന്നൂർ | സ്ത്രീ |
| 11. | ചേർത്തല | സ്ത്രീ |
| 12. | കായംകുളം | സ്ത്രീ |
| 13. | ചങ്ങനാശ്ശേരി | സ്ത്രീ |

| | | |
|---|---|---|
| 14. | വൈക്കം | സ്ത്രീ |
| 15. | പറവൂർ | സ്ത്രീ |
| 16. | ചാവക്കാട് | സ്ത്രീ |
| 17. | ഇരിങ്ങാലക്കുട | സ്ത്രീ |
| 18. | കൊടുങ്ങല്ലൂർ | സ്ത്രീ |
| 19. | ഒറ്റപ്പാലം | സ്ത്രീ |
| 20. | പെരിന്തൽമണ്ണ | സ്ത്രീ |
| 21. | പൊന്നാനി | സ്ത്രീ |
| 22. | തിരൂർ | സ്ത്രീ |
| 23. | കോട്ടയ്ക്കൽ | സ്ത്രീ |
| 24. | കൊയിലാണ്ടി | സ്ത്രീ |
| 25. | വടകര | സ്ത്രീ |
| 26. | കണ്ണൂർ | സ്ത്രീ |
| 27. | കൂത്തുപറമ്പ് | സ്ത്രീ |
| 28. | പയ്യന്നൂർ | സ്ത്രീ |
| 29. | തളിപ്പറമ്പ് | സ്ത്രീ |
| 30. | തലശ്ശേരി | സ്ത്രീ |
| 31. | കാഞ്ഞങ്ങാട് | സ്ത്രീ |
| 32. | നീലേശ്വരം | സ്ത്രീ |

*Sd/-*

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.

# വിജ്ഞാപനം

നമ്പർ: 196/2010/സം.തി.ക. തീയതി, തിരുവനന്തപുരം 2010 ജൂലൈ 30

2010 -ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി, സംസ്ഥാനത്തെ 60 മുനിസിപ്പൽ കൗൺസിലുകളിൽ ചെയർപേഴ്സന്റെ 30 സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് 27.07.2010 - ലെ നമ്പർ 192/2010/ സം.തി.ക. ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി. വിജ്ഞാപനപ്രകാരം ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 30 മുനിസിപ്പാലിറ്റികളിൽ മട്ടന്നൂർ ഒഴികെയുള്ള 29 മുനിസിപ്പാലിറ്റികളിലെ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 11 (1എ) വകുപ്പ് പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്ത് കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

*Sd/-*

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.